# കാരുണ്യ കേരളം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
വാർത്താപത്രിക

വാല്യം : 01 ലക്കം : 10 2023 ഫെബ്രുവരി


# രാജ്യത്തിന് മാതൃകയായി വീണ്ടും കേരളം:
## കാഴ്ചപരിമിതർക്ക് ബ്രെയിൽ ഭാഷയിൽ കാസ്പ് അംഗത്വ കാർഡും ലഘുലേഖയും



**കാ**ഴ്ചപരിമിതർക്കുവേണ്ടി രാജ്യത്ത് ആദ്യമായി ബ്രെയിൽ ഭാഷയിൽ ആരോഗ്യ സുരക്ഷ അംഗത്വ കാർഡിനും ലഘുലേഖയ്ക്കും രൂപം നൽകി ആരോഗ്യ മേഖലയിൽ കേരളം വീണ്ടും അനുകരണീയ മാതൃകയായി. ആരോഗ്യ മന്ത്രി വീണ ജോർജ് പദ്ധതി ഉദ്ഘാടനം ചെയ്തു.

ബ്രെയിൽ ഭാഷയിൽ തയ്യാറാക്കിയ കാസ്പ് കാർഡ് ലഘുലേഖ, സൈൻ ഭാഷയിൽ തയ്യാറാക്കിയ വീഡിയോ എന്നിവയുടെ പ്രകാശനവും കോഴ്സ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും മന്ത്രി നിർവഹിച്ചു.

സംസ്ഥാനത്ത് കാസ്പ് പദ്ധതിവഴി ഇരട്ടിയാളുകൾക്ക് സൗജന്യ ചികിത്സാ സഹായം നൽകാനായതായി മന്ത്രി പറഞ്ഞു. 2020ൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി രൂപീകൃതമാകുമ്പോൾ പ്രതിവർഷം 700 കോടി രൂപയാണ് സൗജന്യ ചികിത്സയ്ക്കായി വിനിയോഗിച്ചത്. കഴിഞ്ഞ വർഷം അത് 1400 കോടിയായി ഉയർന്നു. 138 കോടി രൂപ മാത്രമാണ് കേന്ദ്രസഹായം. ശേഷിച്ച തുകയത്രയും സംസ്ഥാന സർക്കാരാണ് വഹിച്ചത്. കൂടുതൽ ആശുപത്രികളെ എംപാനൽ ചെയ്തും സർക്കാർ ആശുപത്രികളിൽ കാസ്പ് ചികിത്സാ പദ്ധതി നടപ്പാക്കിയുമാണ് ഈ നേട്ടം കൈവരിച്ചതെന്ന് മന്ത്രി വ്യക്തമാക്കി.

ഒരു കുടുംബത്തിൽ ഒരാൾക്ക് രോഗമുണ്ടാകുമ്പോഴുള്ള ഭാരിച്ച ചികിത്സ ചെലവ് ജനങ്ങളുടെ സാമ്പത്തിക അടിത്തറ തകർക്കുന്നു. ഇത് മുന്നിൽ കണ്ടാണ് ചികിത്സാപിന്തുണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയത്. മികച്ച ചികിത്സാസൗകര്യം ഒരുക്കിയതിനാൽ കൂടുതൽ ആൾക്കാർ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്നതായും മന്ത്രി പറഞ്ഞു.

രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം. സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് സൗജന്യ പരിരക്ഷ ഉറപ്പ് വരുത്തി. രാജ്യത്ത് തന്നെ ആദ്യമായാണ് കേരളം കാഴ്ച പരിമിതർക്ക് വേണ്ടി പ്രത്യേക കാർഡും ബ്രോഷറും തയ്യാറാക്കിയത്. ചുരുങ്ങിയ സമയം കൊണ്ട് ദേശീയതലത്തിൽ ശ്രദ്ധയാകർഷിച്ച അനേകം പ്രവർത്തനങ്ങൾ നടത്തിയ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ടീമിനെ മന്ത്രി അഭിനന്ദിച്ചു.

എസ്.എച്ച്.എ. എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. വി. മീനാക്ഷി, ഹൈദരാബാദ് ASCI ഡയറക്ടർ ഡോ. സുബോധ് കണ്ടമുത്തൻ, എസ്.എച്ച്.എ. ജോയ്ന്റ് ഡയറക്ടർ ഡോ. ബിജോയ്, ഐ ഇ സി മാനേജർ സി. ലത്തീഫ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



കാരുണ്യകേരളം
സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
വാർത്താപത്രിക

# വിവര–വിദ്യാഭ്യാസ–ആശയ വിനിമയത്തിന് ആശുപത്രികളിൽ ഡിജിറ്റൽ ഹോർഡിങ്







**ആ**രോഗ്യവകുപ്പുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങൾ വികസിപ്പിക്കുന്ന വിവര - വിദ്യാഭ്യാസ - ആശയവിനിമയ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ 32 ആശുപത്രികളിൽ ഡിജിറ്റൽ ഹോർഡിങുകൾ സ്ഥാപിച്ചു.

പരീക്ഷണാടിസ്ഥാനത്തിൽ ആശുപത്രികളിലെ ഒ.പി കൗണ്ടറുകളോടു ചേർന്നാണ് ഇതിനായി സ്ക്രീനുകൾ സജ്ജീകരിച്ചിരിക്കുന്നത്. ഭിന്നശേഷി സൗഹൃദ ഐ ഇ സി ഉൽപ്പന്നങ്ങളുടെ ഉദ്ഘാടന വേളയിൽ ആരോഗ്യ വനിത ശിശുവികസന മന്ത്രി വീണ ജോർജ്ജ് സ്വിച് ഓൺ കർമ്മം നിർവഹിച്ചു.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ദൈനംദിനം ശേഖരിക്കുന്ന വിവരങ്ങൾ ഒരേ ഉറവിടത്തിൽ നിന്നും എല്ലാ സ്ക്രീനുകളിലേക്കും ഒരേസമയം പ്രദർശിപ്പിക്കാൻ കഴിയുംവിധം ആണ് ഇവ ക്രമീകരിച്ചിട്ടുള്ളത്

പദ്ധതിയുടെ രണ്ടാം ഘട്ടമായി കമ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് മുകളിലേക്കുള്ള 68 ആശുപത്രികളിൽ കൂടി ഇത്തരം സ്ക്രീനുകൾ സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ:
**ഡോ രത്തൻ യു കേൽക്കർ IAS**
(എക്സിക്യൂട്ടീവ് ഡയറക്ടർ )

എഡിറ്റർ :
**ലത്തീഫ് സി**
(മാനേജർ-ഐ.ഇ.സി & സി.ബി)

അസി എഡിറ്റർ:
**വിപിൻ വി**
(എക്സിക്യൂട്ടീവ് - ഐ.ഇ.സി & സി.ബി)

***അംഗങ്ങൾ***
**ഡോ ബിജോയ് ഇ**
(ജോയന്റ് ഡയറക്ടർ - ഓപ്പറേഷൻസ്)

**അനിൽകുമാർ കെ**
(ജോയന്റ് ഡയറക്ടർ - ഫിനാൻസ് ആൻഡ് അഡ്മിനിസ്ട്രേഷൻ)

**ഡോ. അനൂപ് റസാഖ്**
(ജോയന്റ് ഡയറക്ടർ - മെഡിക്കൽ )

കൺസൾട്ടിങ് എഡിറ്റർ:
**അജിത് വെണ്ണിയൂർ**

# പാവപ്പെട്ടവരുടെ കൂട്ടുകാരനും കാരുണ്യയുടെ കരുതൽ



**കോ**ട്ടയം ജില്ലയിലെ മാന്നാനം വില്ലേജിൽ അറിയപ്പെടുന്ന സാമൂഹികപ്രവർത്തകനാണ് 52 കാരനായ ഗിരീഷ്. രോഗവും മറ്റ് പ്രശ്നങ്ങളുമുള്ള പാവപ്പെട്ടവർക്ക് ഗിരീഷും അദ്ദേഹത്തിന്റെ സൗഹൃദക്കൂട്ടം എന്ന സംഘടനയും എന്നും താങ്ങും തണലുമാണ്.

വീട്ടുമുറ്റങ്ങളിൽ പൂന്തോട്ടം അണിയിച്ചൊരുക്കുകയാണ് ഗിരീഷിന്റെ ഉപജീവനമാർഗം. ഒപ്പം, ഓടിനടന്നുള്ള ജീവകാരുണ്യപ്രവർത്തനവും. ഇതിനിടയിൽ ഒരിക്കൽ പോലും അദ്ദേഹത്തിന് ആശുപത്രി വാസം വേണ്ടിവന്നിട്ടില്ല. കാര്യമായ അസുഖങ്ങളൊന്നും ഉണ്ടായിരുന്നുമില്ല.

പെട്ടന്നാണ് കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞത്. വീടിനടുത്തുള്ള പണിസ്ഥലത്തു വെച്ച് തലവേദന അനുഭവപ്പെട്ടു. പെട്ടെന്ന് അത് അസഹ്യമാംവിധം അധികരിക്കാൻ തുടങ്ങി. തല വെട്ടിപ്പൊളിക്കുന്ന വേദന. ഒരുവിധം സ്കൂട്ടറിൽ വീട്ടിലെത്തി. എങ്ങനെയൊക്കെയോ വീട്ടിലെത്തി എന്നു മാത്രമേ ഗിരീഷിനും ഭാര്യയ്ക്കും പറയാനാകുന്നുള്ളൂ.

ഭാര്യ ഉടൻതന്നെ അദ്ദേഹത്തെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചു. അത്യാഹിത വിഭാഗത്തിലെ പരിശോധനകളിൽ നിന്നു തന്നെ രോഗത്തിന്റെ ഗൗരവം ഡോക്ടർമാർക്ക്

മനസ്സിലായി. ന്യൂറോ സർജറി വിഭാഗത്തിലേക്ക് മാറ്റി. തലച്ചോറിലേക്കുള്ള ഞരമ്പിന് ക്ഷതമേറ്റതായി ന്യൂറോ വിഭാഗം തലവൻ ഡോ. പി.കെ. ബാലകൃഷ്ണന്റെ വിശദപരിശോധനയിൽ കണ്ടെത്തി.

അടിയന്തര ശസ്ത്രക്രിയ വേണം. രണ്ടുദിവസത്തെ വ്യത്യാസത്തിൽ തലയോട്ടി ഇളക്കി രണ്ട് ശസ്ത്രക്രിയകൾ. രണ്ടും വിജയകരമായി. വീണ്ടും ചിലദിവസങ്ങൾ കൂടി തീവ്രപരിചരണ വിഭാഗത്തിൽ കഴിയേണ്ടിവന്നു. എല്ലാം കാരുണ്യയുടെ ചെലവിൽ. പിന്നെ ഗിരീഷ് സ്വന്തം ഭവനത്തിലേക്ക് മടങ്ങി. ഇപ്പോൾ പതിയെ മുറ്റത്തു നടക്കാനും പരിചരണം നിലച്ചുപോയ സ്വന്തം മുറ്റത്തെ ചെടികൾ നനയ്ക്കാനുമൊക്കെ ഗിരീഷ് സമയം കണ്ടെത്തുന്നു.

ഗിരീഷിനെ സന്ദർശിച്ച കോട്ടയം ജില്ലാ ആരോഗ്യ ഇൻഷുറൻസ് കോ-ഓഡിനേറ്ററോട് ഗിരീഷിന്റെ ഭാര്യ നിറഞ്ഞ കണ്ണുകളോടെ പറഞ്ഞു: "സാർ കാരുണ്യ ആരോഗ്യ ഇൻഷുറൻസ് ഇല്ലായിരുന്നെങ്കിൽ ഞങ്ങളുടെ ജീവിതം തകർന്നു പോയേനെ. ശസ്ത്രക്രിയയ്ക്ക് മാത്രം 50,000 രൂപയാണ് ചെലവ്. കാരുണ്യ മാത്രമായിരുന്നു ആശ്രയം ...."

തിരക്കേറിയ സാമൂഹികപ്രവർത്തനത്തിനിടയിൽ പൂന്തോട്ടമൊരുക്കിക്കിട്ടിയിരുന്ന പരിമിത വരുമാനം മാത്രമായിരുന്നു പഠിക്കുന്ന രണ്ടുകുട്ടികളടങ്ങുന്ന കുടുംബത്തിന്റെ വരുമാനസ്രോതസ്സ്. അതും നിലച്ചതോടെ ഭാര്യ ചെറിയ ജോലിക്ക് പോയി തുടങ്ങി.

"പാവങ്ങളുടെ കണ്ണീരൊപ്പുന്ന കാരുണ്യ ആരോഗ്യ സുരക്ഷപദ്ധതിയുടെ നേട്ടം ഇപ്പോഴാണ് ശരിക്കും ഞങ്ങൾ അനുഭവിച്ചറിയുന്നത്." സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പ്രവർത്തകരെ യാത്രയയ്ക്കാൻ മുറ്റത്തേയ്ക്കിറങ്ങുമ്പോൾ ഗീരീഷ് പറഞ്ഞു.

**ടോണി തോമസ്**
ജില്ല പ്രോജക്ട് കോ-ഓഡിനേറ്റർ
സ്റ്റേറ്റ് ഹെൽത്ത് ഏജൻസി,
കോട്ടയം

# സൗജന്യ ചികിത്സ: കാസ്പ് കാർഡ് ആധാറുമായി ബന്ധിപ്പിക്കണം

**ആ**യുഷ്മാൻ ഭാരത് കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതിയിൽ (കാസ്പ്) സംസ്ഥാനത്തെ സർക്കാർ-സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കാൻ കാസ്പ് ആരോഗ്യ ഇൻഷുറൻസ് കാർഡ് ആധാറുമായി ബന്ധിപ്പിക്കണം. സൗജന്യ ചികിത്സ പദ്ധതിയുടെ ദുരുപയോഗം തടയുന്നതിന് നാഷണൽ ഹെൽത്ത് അതോറിറ്റി പുറപ്പെടുവിച്ച മാർഗനിർദേശപ്രകാരമാണ് പുതിയ പരിഷ്കാരം നടപ്പാക്കി വരുന്നത്.




ആശുപത്രിയിൽ കിടത്തിച്ചികിത്സയ്ക്ക് പ്രവേശിക്കുന്നതിന് മുൻപ് ആരോഗ്യ ഇൻഷുറൻസ് കാർഡും ആധാർ കാർഡും ബന്ധിപ്പിക്കേണ്ടതാണ്. ഇതിനുള്ള സേവനം എംപാനൽ ആശുപത്രികളിൽ സൗജന്യമായി ലഭ്യമാണ്. രോഗികൾ കിടത്തിചികിത്സയ്ക്കായി ആശുപത്രികളിൽ പ്രവേശിക്കുമ്പോൾ വിരലടയാളം എടുത്താണ് അഡ്മിഷൻ നടപടിക്രമം ആരംഭിക്കുന്നത്. ചികിത്സ പൂർത്തിയാക്കി ആശുപത്രിവാസം വിടുമ്പോഴും രോഗികൾ ആശുപത്രിയിൽ സജ്ജീകരിച്ച ആധാർ പരിശോധന നടപടിക്രമം പാലിക്കണം. രോഗിയുടെ വിരലടയാളം എടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഐറിസ് സ്കാനർ/ ഫെയ്സ് ആപ് മുതലായവ ഉപയോഗിച്ച് നടപടി പൂർത്തീകരിക്കേണ്ടതാണ്. ഇവ മൂന്നും പരാജയപ്പെട്ടാൽ മാത്രമേ ഡോക്ടറുടെ സത്യവാങ്മൂലം സമർപ്പിച്ച് സേവനം പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളു.

നിലവിൽ കാസ്പ് കാർഡ് ആധാറുമായി ബന്ധിപ്പിക്കാത്ത കുടുംബങ്ങൾ ആശുപത്രിയിൽ ചികിത്സ തേടുമ്പോൾ ആധാറുമായി ബന്ധിപ്പിക്കണം. പദ്ധതി പ്രകാരം ഇതിനകം ആനുകൂല്യത്തിന് അർഹത നേടിയ കാസ്പ് ഗുണഭോക്താക്കൾ നിലവിൽ വ്യക്തിഗത കാസ്പ് കാർഡ് എടുത്തിട്ടില്ലെങ്കിൽ അതിനായി ആശുപത്രിയെ സമീപിക്കുന്നതിന് മുൻപ് ആധാർ കാർഡും വ്യക്തിയുടെ മൊബൈൽ നമ്പറും ബന്ധിപ്പിക്കേണ്ടതാണ്. അപേക്ഷിക്കുന്ന വേളയിൽ BIS സോഫ്റ്റ്‌വെയർ പ്രകാരമുള്ള OTP ലഭിക്കുന്നതിനും പുതുതായൊരാളെ പദ്ധതിയിൽ ചേർക്കുന്നതിനും അത് അനിവാര്യമാണ്.

അടിയന്തര സാഹചര്യത്തിൽ ആധാർ കാർഡിന് അപേക്ഷിക്കുന്നതിനും മൊബൈൽ നമ്പറുമായി ബന്ധിപ്പിക്കുന്നതിനും ഐ.റ്റി. മിഷൻ കേരളയും, എസ്.എച്ച്.എ യുമായി സഹകരിച്ച് പ്രധാന ആശുപത്രികളോട് ചേർന്ന് മൊബൈൽ ആധാർ എൻറോൾമെന്റ് സംവിധാനം ഒരുക്കിവരികയാണ്. ആധാർ പരിശോധന പൂർത്തീകരിക്കുന്ന വേളയിൽ കാസ്പ് കൗണ്ടറിൽ ഇതിനായി അധികസമയം ചെലവാക്കേണ്ടിവരുന്ന ഗുണഭോക്താക്കൾ ആശുപത്രി അധികൃതരുമായി സഹകരിക്കണമെന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

# അതിവേഗം പരാതിപരിഹാരം

**കാ**രുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ കീഴിൽ ചികിത്സ പൂർണമായും സൗജന്യമാണെന്ന് മനസ്സിലാക്കിയാണ് എന്റെ 70 വയസ്സുള്ള ഭാര്യാമാതാവിനെ ചികിത്സയ്ക്കായി എറണാകുളം ജില്ലയിലെ ഒരു സ്വകാര്യ ആശുപത്രിയിലേക്ക് കൊണ്ടുപോയത്.

വയറുവേദനയായിരുന്നു രോഗലക്ഷണം. വിദഗ്ധ പരിശോധനയിൽ, പിത്താശയത്തിലാണ് പ്രശ്നമെന്ന് കണ്ടു. അത് നീക്കം ചെയ്യണം. ശസ്ത്രക്രിയ അവിടെത്തന്നെ ചെയ്യാമെന്ന് അവർ പറഞ്ഞു. കാരുണ്യയുടെ കാർഡുള്ളതിനാൽ അപ്പോൾ തന്നെ അമ്മയെ അവിടെ പ്രവേശിപ്പിച്ചു.

പരിശോധനകൾക്കും അനസ്തേഷ്യയ്ക്കും ഉടൻ പണമടയ്ക്കണമെന്ന് ആവശ്യപ്പെട്ടു. പണമടച്ചുകഴിഞ്ഞപ്പോൾ ശസ്ത്രക്രിയ അവിടെ പറ്റില്ലെന്നായി ആശുപത്രി അധികൃതർ. മറ്റൊരാശുപത്രിയിലേക്ക് റെഫർ ചെയ്തു.

ഇത്രയുമായപ്പോൾ എന്തോ ഒരപാകത തോന്നി. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ എറണാകുളം ജില്ല കോർഡിനേറ്ററോട് ഞങ്ങളുടെ അവസ്ഥ വിവരിച്ചു. ബസ് ഡ്രൈവറായ എന്റെ തുച്ഛമായ വരുമാനം കൊണ്ടാണ് ഞങ്ങളുടെ കുടുംബം കഴിയുന്നത്.

എസ.എച്ച്.എ യുടെ പ്രതികരണം തികച്ചും സഹായകരമായിരുന്നു. ഉടൻ തന്നെ അമ്മയ്ക്ക് മറ്റൊരു ആശുപത്രിയിൽ സൗജന്യ ചികിത്സ ഏർപ്പാടാക്കി. സ്വകാര്യ ആശുപത്രിയിൽ അടച്ച തുകയുടെ ബില്ലുകൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് സമർപ്പിക്കാൻ നിർദേശിച്ചു. വിഷയം ജില്ല പരാതി പരിഹാരക്കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചു.

ഡെപ്യൂട്ടി കളക്ടർ അദ്ധ്യക്ഷനായ കമ്മിറ്റിക്ക് സ്വകാര്യ ആശുപത്രിയുടെ ചൂഷണം മനസ്സിലായി. കമ്മിറ്റി ആശുപത്രിയെ താക്കീതു ചെയ്യുക മാത്രമല്ല, അവിടെ ഞങ്ങൾ അടച്ച തുക മുഴുവൻ മടക്കിനൽകാൻ ഉത്തരവിടുകയും ചെയ്തു. ഏതാനും ദിവസങ്ങൾക്കുള്ളിൽ തുക തിരികെ കിട്ടി. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ കാര്യക്ഷമമായ പരാതി പരിഹാര സംവിധാനമാണ് ഞങ്ങളെ



അതിൽ സഹായിച്ചത്.

മറ്റുള്ള കാസ്പ് ഗുണഭോക്താക്കൾക്കും സഹായകരമാകട്ടെ എന്നുകരുതിയാണ് ഞങ്ങളുടെ അനുഭവം ഇവിടെ കുറിക്കുന്നത്

**പീതാംബരൻ**
മണ്ണാഞ്ചേരി വീട്,
എറണാകുളം

# ഇനി പരസ്സഹായമില്ലാതെ നടക്കാം

**ക**രുനാഗപ്പള്ളി സ്വദേശിയാണ് ഫാത്തിമ. പലവിധ അസുഖങ്ങൾ കൊണ്ട് കഷ്ടപ്പെട്ടിരുന്ന അവർക്ക് തുടർച്ചയായ മുട്ടുവേദന കൂനിന്മേൽ കുരുവെന്നപോലെയായി. പരിശോധിച്ച ഡോക്ടർ മുട്ട് മാറ്റിവെക്കൽ സർജറി നിർദ്ദേശിച്ചു.

മറ്റൊരു വഴിയുമില്ലാത്തതിനാൽ കടം മേടിച്ചെങ്കിലും അത് ചെയ്യാമെന്ന് കരുതി തയ്യാറെടുക്കവെ പൊടുന്നനെ ഭർത്താവ് മരിച്ചു. അതോടെ കുട്ടികളുടെ പഠനത്തിനുപോലും വഴിയില്ലാതായി. കടുത്ത സാമ്പത്തിക ബാധ്യതയിൽ അകപ്പെട്ട കുടുംബം ശസ്ത്രക്രിയ തൽകാലം വേണ്ടെന്നുവെച്ചു.

അപ്പോഴാണ് പതിവ് സന്ദർശനത്തിന് വീട്ടിലെത്തിയ ആശ പ്രവർത്തക കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ കാർഡിനെപ്പറ്റി ആരാഞ്ഞത്. അങ്ങനെയൊന്നുള്ളതായറിയില്ലെന്ന് പറഞ്ഞെങ്കിലും ആശ പ്രവർത്തകയ്ക്ക് വിശ്വാസമായില്ല. വീട് മുഴുവനും ഒന്നുകൂടി തിരയാൻ അവർ നിർദേശിച്ചു. അവരും അതിൽ സഹായിച്ചു. അങ്ങനെ വിലയറിയാതെ വീടിനുള്ളിലിരുന്ന PMJAY ഐ.ഡി കണ്ടുപിടിച്ചു.അത് ഇൻഷുറൻസ് കാർഡാണെന്ന് ഫാത്തിമയ്ക്കറിയില്ലായിരുന്നു.

ആശ പ്രവർത്തകയുടെ നിർദേശാനുസരണം അവർ ആ കാർഡുമായി വണ്ടാനം മെഡിക്കൽ കോളേജിൽ പോയി. അവിടെ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തി ശസ്ത്രക്രിയ നടത്തി കാൽമുട്ട് മാറ്റിവെച്ചു.

ചികിത്സ പൂർണമായും സൗജന്യമായിരുന്നു. ഇപ്പോൾ പരസ്സഹായമില്ലാതെ നടക്കാം, അത്യാവശ്യം ചെറിയ ചില ജോലികൾ ചെയ്ത് കുടുംബം പുലർത്തുകയും ചെയ്യുന്നു

ജീവിതത്തിൽ പകച്ചു പോയ നിമിഷത്തിൽ കടന്നുവന്ന ആശാവർക്കറും കാരുണ്യ പദ്ധതിയുമാണ് തനിക്കു ആരോഗ്യവും സന്തോഷവുമുള്ള ജീവിതം തിരിച്ചു തന്നതെന്ന് ഫാത്തിമ നിറകണ്ണുകളോടെ ഓർത്തെടുത്തു.

**രഞ്ജിനി ആർ**
ജില്ല പ്രോജക്റ്റ് കോർഡിനേറ്റർ
കൊല്ലം

# അഭിമാനത്തോടെ, ചാരിതാർഥ്യത്തോടെ...

**മി**കച്ച സേവനത്തിന് ചുരുങ്ങിയ കാലത്തിനുള്ളിൽ NQAS, ISO, കായകൽപം തുടങ്ങി അനവധി അംഗീകാരങ്ങൾ നേടിയെടുത്ത ആശുപത്രിയാണ് പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറം ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം. അവിടെ കാരുണ്യ ആരോഗ്യ സുരക്ഷപദ്ധതിയുടെ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ജോലിയിൽ പ്രവേശിച്ച് ഏതാനും ദിവസത്തിനുള്ളിൽ എനിക്കുണ്ടായ ഒരനുഭവം ജീവിതത്തോടുള്ള എന്റെ മനോഭാവം തന്നെ മാറ്റിമറിക്കുന്നതായിരുന്നു.



സദാ കമ്പ്യൂട്ടറിൽ വിരലോടിച്ച് വിവരങ്ങൾ യന്ത്രത്തിൽ പകർത്തുന്ന വിരസമായ ജോലിക്കിടയിൽ ഒരുനാൾ ആറുവയസ്സുള്ള ഒരു കുരുന്നുരോഗിയുടെ അപ്പൂപ്പനും അമ്മൂമ്മയും എന്റെയടുത്തെത്തി. 'കുഞ്ഞിനെ ആശുപത്രിയിൽ കിടത്തി ചികിത്സിക്കണമെന്ന് ഡോക്ടർ പറഞ്ഞു. മരുന്ന് വാങ്ങാനുള്ള പണം പോലും കൈയിലില്ല. എന്തെങ്കിലും സഹായിക്കാനാവുമോ? ഡോക്ടർ ദിവ്യ മാഡമാണ് ഞങ്ങളെ ഇങ്ങോട്ടയച്ചത്' – വിങ്ങലോടെ അവർ പറഞ്ഞു. എന്റെ മകന്റെ പ്രായമുള്ള കുട്ടി. ആശുപത്രിയിലെത്തുമ്പോൾ കഠിനമായ പനിയും ചുമയും കഫക്കെട്ടും കാരണം തീരെ അവശനായിരുന്നു അവൻ. ഉടൻ തന്നെ ഡോക്ടർ വിശദമായ പരിശോധനകൾ നടത്തി. ഹീമോഗ്ലോബിൻ തീരെ കുറവ്. ശരിയായ ആഹാരത്തിന്റെ അഭാവവും പ്രകടമായിരുന്നു.

കുട്ടിയുടെ അമ്മ ഗുരുതര രോഗം ബാധിച്ച് നേരത്തെ മരിച്ചു. അച്ഛൻ കുട്ടിയെ ഉപേക്ഷിച്ചുപോയി. അമ്മയുടെ ചികിത്സയ്ക്കായി കിടപ്പാടം പോലും വിൽക്കേണ്ടിവന്നു. അപ്പൂപ്പനും അമ്മൂമ്മയുമാണ് അവനെ വളർത്തുന്നത്. അവരുടെ ഏക പ്രതീക്ഷയാണ് ആ പേരക്കുട്ടി.

കാരുണ്യ ഇൻഷുറൻസ് കാർഡ് എടുക്കാനാവുമോ എന്ന് ഞാൻ പരിശോധിച്ചു. ആവശ്യമായ രേഖകളൊന്നും അവരുടെ കൈവശമുണ്ടായിരുന്നില്ല. കടമ്പകൾ ഏറെയായിരുന്നു ഒടുവിൽ അതെല്ലാം തപ്പിയെടുത്ത് കാർഡെടുത്തു. ഒപ്പം ഇവരുടെ അവസ്ഥ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ അറിയിച്ച് വാർഡ് മെമ്പറുടെയും മറ്റു സുമനസ്സുകളുടെയും സഹായം എത്തിക്കുന്നതിനുള്ള ചെറിയൊരു നീക്കവും നടത്തി . അത് ഫലിച്ചു. കുട്ടിക്ക് മികച്ച ചികിത്സ കിട്ടി. അസുഖമെല്ലാം മാറി ഡിസ്ചാർജ് ആയതിന്റെ പിറ്റേന്ന് മുത്തശ്ശി എന്നെ കാണാൻ വന്നു. സന്തോഷം അടക്കാനാവാതെ പൊട്ടിക്കരഞ്ഞുകൊണ്ട് അവർ എന്നെ കെട്ടിപ്പിടിച്ചു. ഞാനും അറിയാതെ കരഞ്ഞു പോയി.

ഇങ്ങനെ നിർധനരും നിസ്സഹായരുമായ അനേകം പേരുടെ കണ്ണീരുതുടച്ച കാരുണ്യപദ്ധതിയിൽ ഭാഗഭാക്കാകാൻ കഴിഞ്ഞതിൽ തികച്ചും ചരിതാർത്ഥയാണ് ഞാനിന്ന്.

**പ്രവിത പി**
ആരോഗ്യമിത്ര, കടമ്പഴിപ്പുറം
കുടുബാരോഗ്യകേന്ദ്രം

# ജീവനും ജീവിതവും വീണ്ടെടുക്കാൻ ഒപ്പം നിന്ന കാരുണ്യ

**ഒ**രു കുടുംബത്തെ ഒന്നടങ്കം വേദനയുടെയും ആശങ്കയുടെയും മുൾമുനയിൽ നിർത്തിയ അത്യാപത്തിൽ നിന്ന് മുക്തി നേടിയതിന്റെ ആശ്വാസത്തിലാണ് കോഴിക്കോട് നാദാപുരം ചുഴലി മുതുകുറ്റി സ്വദേശി ബീനയും കുടുംബാംഗങ്ങളും.

കൈവിട്ടു പോകുമായിരുന്നുവെന്നു കരുതിയ ഒരു ജീവനും ജീവിതവും തിരിച്ചു കിട്ടിയതിന്റെ ആഹ്ലാദവും ആത്മവിശ്വാസവും നിറഞ്ഞ വീട്ടിലിരുന്ന് ആ ദുർദിനം ഓർത്തെടുക്കുമ്പോൾ ബീനയുടെ വാക്കുകൾ പതറുന്നു.

അയൽവീട്ടിലെ മരണാനന്തരച്ചടങ്ങിൽ പങ്കെടുത്ത് വീട്ടിലെത്തിയ ആ നാൽപ്പത്തിയഞ്ചുകാരിക്ക് കുളിമുറിയിൽ കയറിയതു മാത്രമേ ഓർമയുള്ളൂ. വലിയൊരു ശബ്ദം കേട്ട് ഓടിയെത്തിയ കുടുംബാംഗങ്ങൾ കണ്ടത് ബോധരഹിതയായി കിടക്കുന്ന ബീനയെയാണ്. ഉടൻ ബീനയെ അവർ വളയം സർക്കാർ ആശുപത്രിയിലെത്തിച്ചു. നില ഗുരുതരമാണെന്ന് കണ്ടതോടെ പ്രഥമശുശ്രൂഷ നൽകി കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റി.



സി.ടി സ്കാൻ പരിശോധനയിൽ, തലച്ചോറിലെ രക്തസ്രാവമാണ് കാരണമെന്ന് കണ്ടെത്തി. പ്രധാന രക്തധമനിയിൽ കുമിള പോലെ വന്നു വീർത്ത് പൊട്ടുന്ന ബ്രെയിൻ അനൂറിസം എന്ന അവസ്ഥയായിരുന്നു ബീനയ്ക്ക്. ബേസിലാർ ആർട്ടറി എന്ന രക്തധമനിയിൽ 25 എം.എം വലുപ്പമുള്ള കുമിളയാണ് പെട്ടെന്നുള്ള രക്തസ്രാവത്തിനും അബോധാവസ്ഥയ്ക്കും കാരണമായത്.

അസാധാരണ വലിപ്പമുള്ള അനൂറിസം ആയതിനാൽ സാധാരണ ചെയ്യുന്ന കോയിൻ ചികിത്സ സാധ്യമാകുമായിരുന്നില്ല. കൊണ്ടൂർ (Contour) എന്ന പേരിൽ അറിയപ്പെടുന്ന നൂതനമായ ഫ്ളോ ഡൈവേട്ടർ ചികിത്സയാണ് വേണ്ടിയിരുന്നത്.' ബീനയെ ചികിത്സിച്ച ഡോക്ടർ രാഹുൽ പറയുന്നു.

സങ്കീർണമായിരുന്നു അവസ്ഥ. ഒരടിയന്തര ശസ്ത്രക്രിയ വേണ്ടിവന്നു. സ്വകാര്യ ആശുപത്രിയിൽ 15 ലക്ഷത്തോളം രൂപ ചെലവ് വരുന്ന സർജറി. മെഡിക്കൽ കോളേജിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നിരക്ക് പ്രകാരം അഞ്ചു ലക്ഷം മാത്രമാണ് ചെലവ്. ഡോക്ടർമാരും മെഡിക്കൽ കോളേജ് ജീവനക്കാരും ഒപ്പം നിന്ന് തുക ഇൻഷുറൻസ് പദ്ധതിയിൽ നിന്ന് ലഭ്യമാക്കി.അതില്ലാതിരുന്നുവെങ്കിൽ ശസ്ത്രക്രിയയെപ്പറ്റി ചിന്തിക്കാൻ പോലും കഴിയുന്ന അവസ്ഥയിലായിരുന്നില്ല ആ കുടുംബം.

ചികിത്സ വിജയകരമായി പൂർത്തിയാക്കി ആരോഗ്യ ഇൻഷുറൻസ് സ്കീമിനും മെഡിക്കൽ കോളേജ് ഡോക്ടർമാർക്കും ജീവനക്കാർക്കും നന്ദി പറഞ്ഞ് ആശുപത്രി വിടുമ്പോഴും ഇനിയൊരു സാധാരണ ജീവിതം സാധ്യമാവുമോ എന്ന കാര്യത്തിൽ കുടുംബത്തിന്റെ ആശങ്കയൊഴിഞ്ഞിരുന്നില്ല. പിന്നെ രണ്ടു മാസത്തെ തുടർചികിത്സയും വിശ്രമവും. ക്രമേണ സാധാരണ ജീവിതത്തിലേക്ക്. അവിശ്വസനീയമായിരുന്നു ആ മടക്കയാത്ര.

# തളർന്ന ജീവിതത്തെ കൈപിടിച്ചുയർത്തിയ കാരുണ്യം

**പ**ക്ഷാഘാതത്തെത്തുടർന്ന് ചികിത്സയിലായിരുന്നു നിർധനകുടുംബാംഗമായ കണ്ണൂർ മാട്ടൂൽ സ്വദേശി ചന്ദ്രൻ. കൂനിന്മേൽ കുരുവെന്നപോലെ വന്നുപെട്ട കോവിഡ് അയാളെ ആകെ തളർത്തി.

പെട്ടെന്നുണ്ടായ ബോധക്ഷയത്തെത്തുടർന്ന് ജൂൺ 18 ന് എ.കെ.ജി ആശുപത്രിയിലെത്തിച്ച ചന്ദ്രന് തീവ്രപരിചരണം ആവശ്യമായി വന്നു. നാലുദിവസം കഴിഞ്ഞപ്പോൾ തന്നെ കൈയിൽ കിട്ടിയ വലിയൊരു തുകയുടെ ബില്ല് കണ്ട് കുടുംബം പകച്ചുപോയി. തുടർന്നുവരാൻ പോകുന്ന ബില്ലുകളെക്കുറിച്ചോർത്ത് അവർ നടുങ്ങി.

അവിടെ 'കാരുണ്യ'യുടെ സൗജന്യ ചികിത്സയില്ല എന്നുകൂടി കേട്ടതോടെ ചന്ദ്രന്റെ മകൻ എന്നെ വിളിച്ചു. ബിൽ ഉടൻ അടയ്ക്കണം, എന്ത് ചെയ്യും?

കാരുണ്യ ആരോഗ്യ ഇൻഷുറൻസ് കാർഡ് കൈവശമുണ്ടോ എന്ന ചോദ്യത്തിന് ഉണ്ട് എന്നായിരുന്നു മറുപടി. അതോടെ അൽപ്പം ആശ്വാസമായി. ഉടൻ തന്നെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജില്ല



കോർഡിനേറ്ററെ ബന്ധപ്പെട്ടു.

മുൻപ് 'കാരുണ്യ' പദ്ധതിയുമായി ബന്ധപ്പെട്ട് അദ്ദേഹത്തിൻറെ ഒരു ഓൺലൈൻ ക്ലാസ്സിൽ ഞാൻ പങ്കെടുത്തിരുന്നു.

ജില്ല കോർഡിനേറ്റർ ഉടൻ തന്നെ ആശുപത്രിയുമായി ബന്ധപ്പെട്ടശേഷം തിരികെ വിളിച്ചു. അടുത്തദിവസം ആശുപത്രിയിൽ ഗോകുൽ എന്ന ഉദ്യാഗസ്ഥനെ ബന്ധപ്പെടാൻ അദ്ദേഹം നിർദേശിച്ചു. അതനുസരിച്ച് നടത്തിയ ഇടപെടലിൽ ചികിത്സാച്ചെലവ് – 64,000 രൂപ – പൂർണമായി കാസ്പിൽ നിന്ന് അനുവദിച്ചു. ഭക്ഷണച്ചെലവായ 3000 രൂപ മാത്രമേ ചന്ദ്രന്റെ കുടുംബത്തിന് ആകെ ചെലവായുള്ളൂ.

പാവപ്പെട്ടവർക്ക് കൈത്താങ്ങായ കാരുണ്യ പദ്ധതിയും അതിന്റെ നടത്തിപ്പിനായി സർക്കാർ രൂപീകരിച്ച സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ സമയോചിത ഇടപെടലുകളും സാധാരണ ജനങ്ങൾക്ക് നൽകുന്ന ആശ്വാസം പറഞ്ഞറിയിക്കാനായില്ല. അതിന്റെ ഒരു പരിശീലന പദ്ധതിയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചതിലൂടെ പാവപ്പെട്ട ഒരു രോഗിയെ സഹായിക്കാൻ കഴിഞ്ഞതിൽ ഞാനും ചരിതാർത്ഥയാണ്

**ഷീബ സ്മിത്ത്**
ആശ വർക്കർ
മാട്ടൂൽ പഞ്ചായത്ത്
കണ്ണൂർ

# ഇരുളടഞ്ഞ ജീവിതത്തിൽ പ്രകാശം പകർന്ന് കാരുണ്യ




**കു**ട്ടിക്കാലത്ത് പമ്പരം കളിക്കുന്നതിനിടെ ആണി കണ്ണിൽ തറച്ച് കാഴ്ച്ച നഷ്ടപ്പെട്ട വത്സന് 48 വർഷത്തിനുശേഷം ജീവിതത്തിൽ പുതിയ വെളിച്ചം.

കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ സഹായത്തോടെയാണ് സങ്കീർണ ശസ്ത്രക്രിയയിലൂടെ വത്സൻ കാഴ്ച വീണ്ടെടുത്തത്.

വാർക്കപ്പണിക്കാരനാണ് തൃശൂർ ജില്ലയിലെ പുത്തൂർ വലിയപറമ്പിൽ വത്സൻ. 61 വയസ്സ്. ഭാരിച്ച ചികിത്സാ ചെലവോർത്ത് ഒരിക്കലും നടക്കില്ലെന്ന് തീർച്ചയാക്കിയിരുന്ന ശസ്ത്രക്രിയയാണ് കാരുണ്യയുടെ സഹായത്തോടെ യാഥാർഥ്യമായത്.

കാഴ്ചപരിമിതിമൂലം ഇരുളടഞ്ഞ വത്സന്റെ ജീവിതത്തിൽ അത് പ്രത്യാശയുടെ പ്രകാശം പകർന്നു. സർക്കാർ – സ്വകാര്യ ആശുപത്രികളിൽ മികവുറ്റ ചികിത്സ ലഭ്യമാക്കുക വഴി കാഴ്ചപരിമിതിയുള്ള നിരവധി രോഗികൾക്ക് സാധാരണ ജീവിതത്തിലേക്ക് തിരികെ വരാൻ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി ഇതിനോടകം വഴിയൊരുക്കിയിട്ടുണ്ട്.

**റെനി കുര്യാക്കോസ്**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
തൃശ്ശൂർ

# കാരുണ്യയുടെ തണലിൽ വീണ്ടും തളിർക്കുന്ന ജീവിതം

**ആ**ലപ്പുഴ വാടക്കൽ സ്വദേശിയാണ് 60 വയസുള്ള ഉണ്ണികൃഷ്ണൻ. ഹൈദരാബാദിൽ 12 വർഷം നീണ്ട സ്വകാര്യ സ്കൂൾ അധ്യാപനത്തിനിടെ പിടികൂടിയ കരൾ രോഗം ജീവിതത്തെത്തന്നെ കാർന്നു തിന്നാൻ തുടങ്ങിയതോടെ ജോലി ഉപേക്ഷിച്ച് ഭാര്യയുമായി നാട്ടിലെത്തി. സ്വന്തമായി വീടും വരുമാനവും സമ്പാദ്യവുമില്ലാതെ വലഞ്ഞ ഉണ്ണികൃഷ്ണൻ, ആലപ്പുഴ ജനറൽ ആശുപത്രിയിൽ സൗജന്യ ഡയാലിസിസ് സൗകര്യമുണ്ടെന്നറിഞ്ഞാണ് സകുടുംബം നാട്ടിലേക്ക് വണ്ടി കയറിയത്.

ഒരു സുഹൃത്തിന്റെ സഹായത്തോടെ കുട്ടനാട്ടിൽ വാടകയ്ക്ക് വീടെടുത്ത് താമസമാക്കി. ചികിത്സയ്ക്കായി



ആശുപത്രിയിലെത്തിയപ്പോഴാണ് സൗജന്യചികിത്സയ്ക്ക് ആരോഗ്യ സുരക്ഷ കാർഡ് അനിവാര്യമാണെന്നറിഞ്ഞത്. ജീവിതപ്രാരാബ്ദങ്ങൾക്കിടയിൽ അത് അറിഞ്ഞിരുന്നില്ല.

ഉണ്ണികൃഷ്ണൻ പറയുന്നു: “എന്നാൽ ആ നിരാശ അധികം നീണ്ടില്ല. ആശുപത്രി കാസ്പ് കൗണ്ടറിലെ ജീവനക്കാരി പ്രീത സന്തോഷത്തോടെ സഹായഹസ്തം നീട്ടി. PMJAY പദ്ധതിയിൽ അംഗമല്ലാത്തവർക്ക് കാരുണ്യ ബെനവലന്റ് സ്കീമിൽ നിന്ന് സൗജന്യ ചികിത്സ ലഭ്യമാണെന്ന് പറഞ്ഞുതന്നു. അർഹത പരിശോധിച്ചു. കാർഡ് എടുത്തുതന്നു. അതോടെ ഞങ്ങളുടെ ജീവിതത്തിൽ പ്രത്യാശ തളിരിട്ടു. ഇപ്പോൾ തുടർച്ചയായ ചികിത്സ – പ്രതിമാസം 8-12 ഡയാലിസിസ്, മരുന്നുകൾ.. എല്ലാം സൗജന്യം. അതില്ലാതിരുന്നുവെങ്കിൽ...? ചിന്തിക്കാനേ കഴിയുന്നില്ല”

**ഫെബിൻ ജോസഫ്**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
ആലപ്പുഴ

# ശരിയായ ദിശ




ഉഷ: എന്താ റാണി വിഷമിച്ചിരിക്കുന്നത്?

(ഉഷയുടെ ചോദ്യം കേട്ട് സ്വപ്നത്തിൽ നിന്നുണർന്നതുപോലെ റാണി തല ഉയർത്തി നോക്കി.)

റാണി: അമ്മയ്ക്ക് സുഖമില്ല. ഡയാലിസിസ് വേണ്ടി വരും എന്ന് ഡോക്ടർ പറഞ്ഞു.

ഉഷ: അതിനെന്താ പ്രശ്നം, നിന്റെ കുടുംബത്തിന് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ആരോഗ്യ ഇൻഷുറൻസ് കാർഡ് ഉണ്ടല്ലോ ? അഞ്ചു ലക്ഷം രൂപയുടെ സൗജന്യ ചികിത്സയല്ലേ ഇപ്പോൾ സർക്കാർ തരുന്നത്.

റാണി: അതൊക്കെ ശരിയാണ്. പക്ഷെ സൈറ്റ് എറർ ആയതു കാരണം കാശ് അടയ്ക്കേണ്ടി വരും എന്നാണ് ആശുപത്രി അധികൃതർ പറയുന്നത്. എന്റെ കൈയിൽ ഫീസ് അടയ്ക്കാനുള്ള കാശ് മാത്രമേ ഉള്ളു .

ഉഷ: അതിനാണോ നീ ഇങ്ങനെ വിഷമിക്കുന്നത്. സൈറ്റ് കംപ്ലൈന്റ് ആണെങ്കിൽ പോലും ഗുണഭോക്താവിന്റെ കൈയിൽ നിന്നും കാശ് ഈടാക്കാനുള്ള അധികാരം ആശുപത്രികൾക്ക് ഇല്ല. നീ എത്രയും പെട്ടന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുമായി ബന്ധപ്പെട്ട് കാര്യം അറിയിക്കൂ. ബാക്കി അവർ നോക്കിക്കോളും .

റാണി: ഉഷാ..., നിന്നോട് എത്ര നന്ദി പറഞ്ഞാലും മതിയാവില്ല . സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ സാമൂഹ്യ മാധ്യമങ്ങൾ സന്ദർശിക്കുന്നതിന്റെ പ്രയോജനം എനിക്ക് ഇപ്പോഴാ മനസ്സിലായത്.

ഉഷ: അതൊക്കെ നീ പറഞ്ഞത് ശരിയാ. പക്ഷെ എനിക്ക് ഈ അറിവ് ലഭിച്ചത് ദിശയുടെ ടോൾ ഫ്രീ നമ്പറായ 1056 ഇൽ നിന്നാണ്. 24 X 7 പ്രവർത്തിക്കുന്ന ദിശയിലേക്ക് നമുക്ക് എപ്പോൾ വേണമെങ്കിലും വിളിക്കാം. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും നമുക്ക് അവിടെ നിന്നും കിട്ടും.

റാണി:എന്നാൽ വേഗം വരൂ ഉഷാ.. നമുക്ക് പോയി പരീക്ഷ ഫീസ് അടയ്ക്കാം.

**ബിസ്മി എസ് ജെ നായർ**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
തിരുവനന്തപുരം

statehealthagencykerala

# ആരോഗ്യ ഇൻഷുറൻസ് ആനുകൂല്യം അതിഥി തൊഴിലാളികൾക്കും: എങ്ങനെ, എന്തൊക്കെ ?

## ഇടുക്കി ജില്ലയിൽ ബോധവൽക്കരണം

**ഇ**ടുക്കി ജില്ലയിൽ കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ അതിഥിതൊഴിലാളികളുടെ ക്വാറി വർക്ക്സൈറ്റിൽ AB PM-JAY- KASP പദ്ധതിയെപ്പറ്റി ബോധവൽക്കരണ ക്യാമ്പയിൻ നടത്തി.

ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യയോജനയുടെ ഒരു സവിശേഷതയാണ് രാജ്യത്തെവിടെയും എംപാനൽ ചെയ്തിട്ടുള്ള ആശുപത്രിയിൽ നിന്നും സൗജന്യ ചികിത്സ തേടാൻ ഗുണഭോക്താക്കളെ പ്രാപ്തരാക്കുന്ന പോർട്ടബിലിറ്റി സേവനം.

അതിഥി തൊഴിലാളികൾക്ക് തങ്ങളുടെ സ്വന്തം സംസ്ഥാനത്ത് PM-JAY ഇൻഷുറൻസ് കാർഡ് ഉണ്ടെങ്കിൽ, അത് കേരളത്തിൽ എംപാനൽ ചെയ്ത ആശുപത്രികളിലും സാധുതയുള്ളതാണെന്ന് തൊഴിലാളികളെ ബോധ്യപ്പെടുത്തുകയും പദ്ധതിയുടെ ആനുകൂല്യങ്ങൾ വിശദീകരിക്കുകയും ചെയ്തു.



ഫോണിൽ AB PM- JAY ആപ്പ് എങ്ങനെ ഡൗൺലോഡ് ചെയ്യാമെന്നും കാർഡ് ലഭിക്കാനുള്ള യോഗ്യത എങ്ങനെ പരിശോധിക്കാമെന്നും ക്യാമ്പയിനിൽ ചെയ്തുകാണിച്ച് വിശദീകരിച്ചു.

# ‘ഒപ്പം കൂടെയുണ്ട് ’ പദ്ധതിയിൽ കാസ്പ് അവബോധ ക്ലാസും



‘**ഒ**പ്പം കൂടെയുണ്ട് കരുതലോടെ’ പദ്ധതിയുടെ ഭാഗമായി പെരുമ്പാവൂർ, ആലുവ നഗരസഭകളിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയെകുറിച്ച് അവബോധ ക്ളാസ്സുകൾ നടത്തി.

പി.എം.എ.വൈ (അർബൻ), അഗതി രഹിത കേരളം പദ്ധതി ഗുണഭോക്താക്കൾ, അതിദരിദ്രർ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, അയൽക്കൂട്ടാംഗങ്ങൾ, എന്നിവർക്കായി കുടുംബശ്രീ, എൻ.യു.എൽ.എം, പി.എം.എ.വൈ എന്നിവ സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ‘ഒപ്പം കൂടെയുണ്ട് കരുതലോടെ.’ ഇരുന്നൂറിലധികം ഗുണഭോക്താക്കൾ കാരുണ്യ അവബോധ പരിപാടിയിൽ പങ്കെടുത്തു. ആലുവ മുനിസിപ്പാലിറ്റി ചെയർമാൻ, എം ഒ ജോൺ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എറണാകുളം ജില്ല കോർഡിനേറ്റർ ക്ലാസ് നയിച്ചു.

Edited and published by Dr. Rathan U Kelkar IAS, Executive Director, State Health Agency for and on behalf of State Health Agency, Department of Health and Family Welfare, Government of Kerala. Editor: C Latheef. Design and layout: Arun. V. Dev (Devgraph) #9961213370
(For Private Circulation only)